വെച്ചൂച്ചിറയിൽ കളക്ഷൻ സെൻറർ

29 [2018] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറയിൽ ഒരു കളക്ഷൻ സെൻറർ പ്രവർത്തിച്ചിരുന്നുവോ;

(ബി) എന്തുകൊണ്ടാണ് ഈ സെൻറർ നിർത്തലാക്കിയത്;

(സി) വെച്ചൂച്ചിറ പഞ്ചായത്തിലെ ജനങ്ങൾ ബിൽ അടയ്ക്കാൻ റാന്നിയിലെത്തണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാ മാസവും ഏതാനും ദിവസത്തേക്ക് വെച്ചൂച്ചിറയിൽ കളക്ഷൻ സെൻറർ പ്രവർത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തിച്ചിരുന്നു.

(ബി) ബില്ലിംഗ് കമ്പ്യൂട്ടർവല്ക്കരിച്ചതുകൊണ്ടാണ് സെൻറർ നിർത്തലാക്കിയത്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

ആക്സിലറേറഡ് പവർ ഡെവലപ്പ്മെൻറ് ആൻഡ് റിഫോംസ് പ്രോഗ്രാം

30 (2019) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറഡ് പവർ ഡെവലപ്പ്മെൻറ് ആൻറ് റിഫോംസ് പ്രോഗ്രാം പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര ധനസഹായമായി എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ കൂടുതൽ നഗരങ്ങളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഏതെങ്കിലും നഗരങ്ങളെ അതിനായി പരിഗണിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 905 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുള്ള അനുമതിയാണ് കേന്ദ്രഗവൺമെൻറിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇതിൻെറ 50% തുക (452.50 കോടി രൂപ) കേന്ദ്രഗവൺമെൻറിൻെറ എ.പി.ഡി.ആർ.പി. ഫണ്ടിൽ നിന്നും 50% ഗ്രാൻറായും (226.25 കോടി രൂപ)

LIBRARY ARCHIVES Kerala Legislative Assembly

50% വായ്പയായും (226.25 കോടി രൂപ) ബാക്കി 50% തുക റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും പങ്കാളിത്ത ഫണ്ടിനത്തിൽ വായ്പയായും ആണ് ലഭ്യമാക്കുന്നത്.

ഇതുവരെ കേന്ദ്രഗവൺമെന്റിൽനിന്നും 230.55 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. സാമ്പത്തിക ക്ഷമത വർദ്ധിപ്പിക്കുക.

2. പ്രസരണ വിതരണ മേഖലയിലെ നഷ്ടം 15%-ൽ താഴെ കൊണ്ടുവരുക.

3. വൈദ്യുതി വിതരണത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുക.

4. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

5. മാനേജ്മെന്റ് വിവര സംവിധാനത്തിലധിഷ്ഠിതമായ (എം. ഐ. എസ്.) നവീന സമീപനം.

6. കമ്പ്യൂട്ടർവൽക്കരണം വഴി സുതാര്യത കൈവരുത്തുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കാൻ വേണ്ടി താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്:

1. നിലവിലുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

2. പുതുതായി 11 കെ. വി. ലൈനുകൾ നിർമ്മിച്ചും വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും പഴയ കമ്പികൾ മാറ്റി പകരം പുതിയ കമ്പികൾ വലിച്ചും വൈദ്യുതി ലൈനുകളുടെ പുനർക്രമീകരണം നടത്തിയും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക.

3. വിവിധ വോൾട്ടേജ് തലങ്ങളിൽ കപ്പാസിറ്ററുകൾ സ്ഥാപിച്ച് വോൾട്ടേജ് നില മെച്ചപ്പെടുത്തുക.

4. ഫീഡർ മീറ്ററുകളും ട്രാൻസ്ഫോർമർ മീറ്ററുകളും സ്ഥാപിച്ച് ഓഫീസുകളെ കമ്പ്യൂട്ടർവൽക്കരിച്ച് കുറ്റമറ്റ രീതിയിലുള്ള എനർജി ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.

(സി) പ്രസ്തുത പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് നഗരങ്ങളേയും എല്ലാ മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരളത്തിലെ എല്ലാ പ്രധാന നഗരങ്ങളെയും എല്ലാ മുനിസിപ്പാലിറ്റികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.]

## വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതി

31 (2020) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമക്കൽ മേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ ഇതുവരെ പൂർത്തിയാക്കിയ നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സർക്കാർ ഉടമസ്ഥതയിലാണോ;

LIBRARY ARCHIVES Kerala Legislative Assembly